സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി: 22/10/2021
Email-swdkerala@gmail.com
Phone-0471-2306040

നമ്പർ. SJD/3304/2021-E2

## വിജ്ഞാപനം

### ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം

സാമൂഹ്യ നീതി വകുപ്പിന് കീഴിലെ ഓർഫനേജ് കൺട്രോൾ ബോർഡ് തിരുവനന്തപുരം ഓഫീസിലെ വിവിധ തസ്തികകളിലെ ഒഴിവുകളിലേക്ക് ഒരു വർഷത്തേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിക്കുന്നു . ഒഴിവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തസ്തിക, ശമ്പള സ്കെയിൽ | ഒഴിവുകളുടെ എണ്ണം | യോഗ്യത |
|---|---|---|---|
| 1 | ക്ലർക്ക് (26500 - 60700) | 1 | അപേക്ഷകർ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമനം നേടിയവരും ക്ലർക്ക് /ക്ലർക്ക് ടൈപ്പിസ്റ്റ് തസ്തികയിൽ 26500 - 60700 രൂപ ശമ്പള സ്കെയിലിൽ ജോലി ചെയ്യുന്നവരുമായിരിക്കണം. കംപ്യൂട്ടർ പരിജ്ഞാനം അഭികാമ്യം. |
| 2 | പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II (43400-91200) | 1 | അപേക്ഷകർ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമനം നേടിയവരും പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II തസ്തികയിൽ 43400-91200 രൂപ ശമ്പള സ്കെയിലിൽ ജോലി ചെയ്യുന്നവരുമായിരിക്കണം. |

കേരള സർക്കാർ PSC-യിൽ നിശ്ചയിച്ചിട്ടുള്ള തുല്യമായ നിശ്ചിത യോഗ്യതയും പ്രവൃത്തിപരിചയവുമുള്ള പ്രസ്തുത തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന സംസ്ഥാന സർക്കാർ ജീവനക്കാർക്ക് മേലധികാരി മുഖേന അപേക്ഷ സമർപ്പിക്കാവുന്നതാണ്.

നിശ്ചിത അപേക്ഷ ,മേലധികാരിയുടെ നിരാക്ഷേപ പത്രം , അപേക്ഷകന്റെ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ പകർപ്പ് എന്നിവ സഹിതം സമർപ്പിക്കേണ്ടതാണ്.

അപേക്ഷ തപാൽ മാർഗം ഡയറക്ടർ, സാമൂഹ്യ നീതി ഡയറക്ടറേറ്റ് , അഞ്ചാം നില വികാസ്ഭവൻ കോംപ്ലക്സ് ,വികാസ്ഭവൻ പി.ഓ , തിരുവനന്തപുരം,പിൻ കോഡ് 695033 എന്ന വിലാസത്തിൽ 2021 നവംബർ മുപ്പതിനകം ലഭിക്കണം. ഫോൺ- 0471 2306040.

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ

പകർപ്പ്:
സൂപ്രണ്ട് എഫ് സെക്ഷൻ (website-ൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)